**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1350** **27-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പാൽ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പാലിന്റെ അളവ് എത്രയെന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെത്തുന്ന പാലിന്റെ അളവ് എത്രയെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പാലിന്റെ അളവ് പ്രതിദിനം ഏകദേശം 70 ലക്ഷം ലിറ്റർ ആണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും ക്ഷീരവികസന വകുപ്പിന്റെ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) ചെക്ക്പോസ്റ്റുകളിലൂടെ കടന്ന് സംസ്ഥാനത്തെത്തുന്ന പാലിന്റെ അളവ് പ്രതിദിനം 4.9 ലക്ഷം ലിറ്റർ ആണ്. |
| (ബി) | ഇതര സംസ്ഥാനത്ത് നിന്നും സംസ്ഥാനത്തെത്തുന്ന പാലിന്റെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ; പാലിൽ മായം കലർത്തിയതിന് കുറ്റക്കാരായി കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ കണ്ടെത്തിയവരെ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനു വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ചെക്ക്പോസ്റ്റുകൾ നിലവിലുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ അയക്കാറുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള നിരന്തരമായുള്ള പരിശോധനകൾ കൂടാതെ ഓണം പോലുള്ള ആഘോഷ വേളകളിൽ പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും ഭക്ഷ്യ സുരക്ഷാ വകുപ്പ് |

| | | | |
|---|---|---|---|
| | | | പരിശോധനകൾ നടത്തി വരുന്നു. 2019 ജൂൺ മാസം മുതൽ നാളിതുവരെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ ഇത്തരം പരിശോധനകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന 559 പാൽ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയിട്ടുണ്ട്. ഈ പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായോ, ഗുണനിലവാരമില്ലാ ത്തതോ ആയ പരിശോധനാ ഫലം ലഭിക്കുന്ന ബ്രാൻഡുകൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാ റുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ (1) സുഗുണ മിൽക്ക്, പൊള്ളാച്ചി (2) കർഷക മിൽക്ക്, കുണ്ടളം (3) അമൃത, ഈറോഡ് (4) അമൃത് മിൽക്ക്, പൊള്ളാച്ചി (5) മലബർ മിൽക്ക്, വടിയൂർ എന്നീ ഇതര സംസ്ഥാന പാൽ ബ്രാൻഡുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കോവിഡ് ദുരിതകാലയളവിൽ പാൽ ശേഖരണം വെട്ടിക്കുറച്ച മിൽമയുടെ നടപടി പരിഹരിക്കുന്നതിന് സർക്കാർ ഇടപെടൽ നടത്തിയിരുന്നോ; | (സി) | നടത്തിയിരുന്നു. സംസ്ഥാനത്തെ ക്ഷീരസംഘങ്ങൾ വഴി പാൽ പൂർണ്ണമായും സംഭരിക്കുകയും വിപണനം കഴിഞ്ഞ് ബാക്കി വരുന്ന അധിക പാൽ അന്യ സംസ്ഥാനങ്ങളിൽ കൊണ്ട് പോയി പാൽപ്പൊടിയാക്കുകയും ചെയ്തു വരുന്നു. |
| (ഡി) | എങ്കിൽ ആയതു പരിഹരിക്കാനും ക്ഷീര കർഷകരുടെ പാൽ മുഴുവനും ശേഖരിക്കാനുമായി സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ? | (ഡി) | നടത്തിയിരുന്നു. സംസ്ഥാനത്തെ ക്ഷീരസംഘങ്ങൾ വഴി പാൽ പൂർണ്ണമായും സംഭരിക്കുകയും വിപണനം കഴിഞ്ഞ് ബാക്കി വരുന്ന അധിക പാൽ അന്യ സംസ്ഥാനങ്ങളിൽ കൊണ്ട് പോയി പാൽപ്പൊടിയാക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ